കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ചെങ്ങന്നൂർ നഗരസഭ - ശബരിമല തീർത്ഥാടനം - താൽക്കാലികാടിസ്ഥാനത്തിൽ **20** ശുചീകരണ തൊഴിലാളികളെയും ഒരു ഡ്രൈവറേയും ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3100/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 18/12/2013

പരാമർശം :-

1. ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയുടെ 29/10/2013 ലെ എച്ച്.1-7149/13 നമ്പർ കത്ത്.
2. ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 22/10/2013 ലെ 5◌ാം നമ്പർ തീരുമാനം.
3. നഗരകാര്യ ഡയറക്ടറുടെ 3/12/2013 ലെ ഇ 2.19650/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

മേൽ പരാമർശിത കത്തുകളുടെയും ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ തീരുമാനവും പരിഗണിച്ച് ശബരിമല മണ്ഡലകാലത്തോടനുബന്ധിച്ച് ചെങ്ങന്നൂർ നഗരസഭാ പരിധിയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 20 (ഇരുപത് മാത്രം) ശുചീകരണ തൊഴിലാളികളേയും ഒരു ഡ്രൈവറേയും താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തൊഴിലാളികളുടെ സേവനം ഈ വർഷത്തെ മണ്ഡല മകരവിളക്ക് സീസൺ അവസാനിക്കുന്ന മുറയ്ക്ക് അവസാനിപ്പിക്കേണ്ടതും ഇതിലേക്കാവശ്യമായ ചെലവ് ചെങ്ങന്നൂർ നഗരസഭയുടെ തനത്ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതുമാണ്. പ്രസ്തുത തൊഴിലാളികൾക്ക് തങ്ങളുടെ സേവനം സ്ഥിരപ്പെടുത്താൻ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണുഗോപാലൻ നായർ.എസ്

ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ,

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ